പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2096

17.06.2014-ലെ മറുപടിയ്ക്ക്

## കൺസ്യൂമർഫെഡ് ഹൈടെക് ക്ലിനിക്കുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>,, പാലോട് രവി<br>,, എം.എ.വാഹീദ്<br>,, ലൂഡി ലൂയിസ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) |
| (എ) കൺസ്യൂമർ ഫെഡ് ഹൈടെക് ക്ലിനിക്കുകൾ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) ഉണ്ട്. |
| (ബി) ഹൈടെക് ക്ലിനിക്കുകളുടെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തെല്ലാമാണ്; | (ബി) രോഗ നിർണ്ണയത്തിനാവശ്യമായ ആധുനിക പരിശോധനകൾ, ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ യോഗ്യരായ ജീവനക്കാരെ നിയോഗിച്ച് ലഭ്യമാക്കുന്നതിനും കൂടാതെ ആംബുലൻസ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ഉദ്ദേശിക്കുന്നു. |
| (സി) ചികിത്സാ രംഗത്തെ ചൂഷണം തടയാൻ പ്രസ്തുത ക്ലിനിക്കുകൾ എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ; | (സി) സ്വകാര്യ മേഖലയിലെ ഭീമമായ ചെലവ് വരുന്ന രോഗ നിർണ്ണയ പരിശോധനകൾ ന്യായമായ നിരക്കിൽ, വിദഗ്ധരായ ജീവനക്കാരെ നിയോഗിച്ച് എല്ലാ വിഭാഗം ജനങ്ങൾക്കും ആശ്വാസകരമായ രീതിയിൽ നടത്തുന്നതിന് പ്രസ്തുത ക്ലിനിക്കുകൾ പ്രയോജനപ്പെടുത്തുന്നതാണ്. |

(vii) എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് ക്ലിനിക്കുകളിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

(vii) പ്രാഥമിക മെഡിക്കൽ എയ്ഡിന് ഒരു ഡോക്ടർ, ഒരു നഴ്സ്, എല്ലാവിധ രക്ത പരിശോധനകളും, മലം, മൂത്രം, കഫം, ഇവയുടെ പരിശോധനകളും ക്യാൻസർ പരിശോധന, പാപ്സ്മിയർ പരിശോധന, എക്സ്റേ, ഇ.സി.ജി, സ്കാനിംഗ് തുടങ്ങിയ സൗകര്യങ്ങളുമാണ് ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ